Page 1 of 1

(സി&ഡി) 3-8-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3707/12/ പൊ.വി. പ്രകാരം 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും 5 രൂപാ വീതം സംഭാവന പിരിക്കാൻ ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ ഗവേഷണ പ്രവർത്തനങ്ങൾ**

22 (*262) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ റിസർച്ച് വിംഗ് പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ഗവേഷണ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നതു സംബന്ധിച്ച വിശദ വിവരം നല്കാമോ ;

(ബി) സംസ്ഥാനത്തിന്റെ കാലാവസ്ഥ, മണ്ണിന്റെ ഘടന, നിർമ്മാണ വസ്തുക്കളുടെ ലഭ്യത എന്നിവ കണക്കിലെടുത്തുള്ള റോഡ്, കെട്ടിടം എന്നിവയുടെ നിർമ്മാണം സംബന്ധിച്ച് ഗവേഷണം നടത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(സി) പൊതുമരാമത്ത് പണികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനും, നിർമ്മാണ രീതികൾ അവലംബിക്കാനും തക്കവിധം ഗവേഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിൽ പ്രധാനമായും പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ ജീവനക്കാർക്കും പരിശീലനം നല്കി വരുന്നു. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, ഷെൽ മാക്ക്, സൈക്കോസിൽ തുടങ്ങിയ നിർമ്മാണ വസ്തുക്കളെ കുറിച്ചുള്ള പഠനങ്ങൾ, തെരഞ്ഞെടുത്ത റോഡുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച പഠനങ്ങൾ, റോഡ് ജംഗ്ഷൻ മെച്ചപ്പെടുത്തൽ സംബന്ധിച്ച പഠനങ്ങൾ മുതലായവ നടത്തിയിട്ടുണ്ട്. ട്രാഫിക് സാന്ദ്രത, മണ്ണിന്റെ ഘടന, നിലവിലുള്ള റോഡിന്റെ ഘടന എന്നിവ പഠനവിധേയമാക്കി. പഠനത്തിന്റെ ഭാഗമായി IRC-യുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള റോഡ് നിർമ്മാണം രൂപകല്പന ചെയ്തു. കെട്ടിടങ്ങളുടെ കാര്യത്തിൽ Central Public Works Department-ന്റെയും National Buildings Code-ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിക്കുന്നുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനും നിർമ്മാണ രീതികൾ അവലംബിക്കാനും തക്കവിധം ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly